**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5856** **08-11-2021 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ ഊർജ്ജ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. K. Krishnankutty (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി മണലൂർ മണ്ഡലത്തിലെ സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലും ഊർജ്ജ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഇ.എം.സി യുടെ "ഊർജ്ജയാൻ" പദ്ധതിയുടെ ഭാഗമായി മണലൂർ നിയോജക മണ്ഡലത്തിലെ ചുവടെ ചേർക്കുന്ന സർക്കാർ കെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റ് നടന്നുവരുന്നു. 1. മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ് 2. ഗുരുവായൂർ കോർപ്പറേഷൻ സോണൽ ഓഫീസ് 3. അരിമ്പൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് 4. മണലൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് 5. വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് ഓഫീസ് 6. വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് ഓഫീസ് 7. പാവറട്ടി ഗ്രാമപഞ്ചായത്ത് ഓഫീസ് 8. എളവള്ളി ഗ്രാമപഞ്ചായത്ത് ഓഫീസ് 9. കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ് 10. ചൂണ്ടൽ ഗ്രാമപഞ്ചായത്ത് ഓഫീസ് മേല്പറഞ്ഞ പഞ്ചായത്ത് ഓഫീസുകളുടെ ഊർജ്ജ ഓഡിറ്റ്, ഇ.എം.സി യുടെ എംപാനൽ ഊർജ്ജ ഓഡിറ്റ് സ്ഥാപനമായ പ്രുഡൻറ് എനർജി വഴിയാണ് നടത്തുന്നത്. |
| (ബി) | ഊർജ്ജ ഓഡിറ്റുമായി ബന്ധപ്പെട്ട ചെലവുകൾക്കായി എനർജി മാനേജ്മെന്റ് സെന്ററിന്റെ ബജറ്റ് വിഹിതത്തിൽ നിന്നും തുക വകയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. 'ഊർജ്ജയാൻ' പദ്ധതി പ്രകാരം ഊർജ്ജ ആഡിറ്റ് നടത്തുന്ന നിയോജക മണ്ഡലങ്ങളിലെ സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്താനും, മറ്റ് സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പൈലറ്റ് പ്രോജക്ടുകൾ നടത്തുന്നതിനും, ഇ.എം.സി യുടെ ബഡ്ജറ്റ് വിഹിതത്തിൽ ഈ സാമ്പത്തിക വർഷം 127.25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടത്തുന്ന ഊർജ്ജ ഓഡിറ്റിന് പ്രസ്തുത കെട്ടിടങ്ങളുടെ വൈദ്യുതി ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന കണക്റ്റഡ് ലോഡ് അടിസ്ഥാനമാക്കിയാണ് ഫീസ് നിശ്ചയിക്കുന്നത്. ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് ആവശ്യമായി വരുന്ന തുക ഊർജ്ജ ഓഡിറ്റ് നടത്തി ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്ന സമയത്താണ് ഇ.എം.സി യുടെ എംപാനൽ ഊർജ്ജ ഓഡിറ്റ് |

| | | | |
|---|---|---|---|
| | | | സ്ഥാപനത്തിന് നൽകുന്നത്. മേല്പറഞ്ഞ മണലൂർ നിയോജക മണ്ഡലത്തിലെ സർക്കാർ കെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റ് പ്രവർത്തനങ്ങൾ നടന്നു വരുന്നതിനാൽ നാളിതുവരെ ടി ഊർജ്ജ ഓഡിറ്റിന് തുക ചിലവഴിച്ചിട്ടില്ല. |
| (സി) | എങ്കിൽ ഇതിനായി അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ അറിയിക്കാമോ? | (സി) | ഉണ്ട്. 'ഊർജ്ജയാൻ' പദ്ധതി പ്രകാരം ഊർജ്ജ ആഡിറ്റ് നടത്തുന്ന നിയോജക മണ്ഡലങ്ങളിലെ സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്താനും, മറ്റ് സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പൈലറ്റ് പ്രോജക്ടുകൾ നടത്തുന്നതിനും, ഇ.എം.സി യുടെ ബഡ്ജറ്റ് വിഹിതത്തിൽ ഈ സാമ്പത്തിക വർഷം 127.25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടത്തുന്ന ഊർജ്ജ ഓഡിറ്റിന് പ്രസ്തുത കെട്ടിടങ്ങളുടെ വൈദ്യുതി ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന കണക്റ്റഡ് ലോഡ് അടിസ്ഥാനമാക്കിയാണ് ഫീസ് നിശ്ചയിക്കുന്നത്. ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് ആവശ്യമായി വരുന്ന തുക ഊർജ്ജ ഓഡിറ്റ് നടത്തി ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്ന സമയത്താണ് ഇ.എം.സി യുടെ എംപാനൽ ഊർജ്ജ ഓഡിറ്റ് സ്ഥാപനത്തിന് നൽകുന്നത്. മേല്പറഞ്ഞ മണലൂർ നിയോജക മണ്ഡലത്തിലെ സർക്കാർ കെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റ് പ്രവർത്തനങ്ങൾ നടന്നു വരുന്നതിനാൽ നാളിതുവരെ ടി ഊർജ്ജ ഓഡിറ്റിന് തുക ചിലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ